# ലഹരി ഉപയോഗത്തിന്റെ ചരിത്രം പാർട്ട് 2

ഡോ. പി.എൻ. സുരേഷ്കുമാർ
ഡയറക്ടർ
ചേതന-സെന്റർ ഫോർ ന്യൂറോസൈക്യാട്രി
കോഴിക്കോട്

**കൊക്കെയിൻ മഹാമാരി**

കൊക്കയിൻ എക്കാലത്തും വളരെ വില കൂടിയ ലഹരിയായതിനാൽ സമ്പന്നർക്കും അതിസമ്പന്നർക്കും മാത്രമേ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നുള്ളു. പിന്നീട് മാർക്കറ്റുകളിൽ ഇതിന്റെ രൂപം മാറ്റിയെടുത്ത crak എന്നു വിളിക്കപ്പെടുന്ന ഉല്പന്നം വന്നു തുടങ്ങി. വില കുറഞ്ഞ ഒന്നായതിനാൽ സമൂഹത്തിൽ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും ചെലവു താങ്ങാവുന്ന നിലയുണ്ടായി. ഇത് 1980കളിലും 1990കളിലും അമേരിക്ക crack കൊക്കയിൻ മഹാമാരിയുടെ പിടിയിലായിരുന്നു. കൊക്കയിനിന്റെ വീര്യമേറിയ വിലകുറഞ്ഞ, കൂടുതൽ ആസക്തി ഉളവാക്കുന്ന രൂപമായ ഇതിലൂടെ എണ്ണമറ്റ ആളുകൾ തങ്ങളുടെ ജീവിതം നശിപ്പിക്കുകയുണ്ടായി. പ്രധാന നഗരങ്ങളിലെ തെരുവുകളിലെല്ലാം ഇത് വിൽക്കുന്നതിനും വാങ്ങുന്നതിനുമായി ആളുകൾ നിറഞ്ഞു. തൊണ്ണൂറുകളുടെ അവസാനങ്ങളിൽ crack നോടുള്ള ഈ കമ്പം അടങ്ങിയെങ്കിലും അമേരിക്കയുടെ ലഹരി ഉപയോഗ ചരിത്രത്തിൽ ഈ കാലഘട്ടംപോലെ മറ്റൊരു ദുർദ്ദശ ഉണ്ടായിട്ടില്ല.

കൊക്കയിൻ ഇന്ത്യയിൽ എക്കാലത്തും സമ്പന്നരുടെ ലഹരി ആയിരുന്നു. crack ഇന്ത്യയിൽ വന്നതിനുശേഷവും ഇതിനു കാര്യമായി ഉപഭോക്താക്കൾ ഉണ്ടായിരുന്നില്ല. വില കുറഞ്ഞവയും കൂടുതൽ ലഹരി നൽകുന്നവയുമായ മറ്റു ലഹരികളുടെ ലഭ്യതയായിരുന്നു ഇതിനു കാരണം.

1990കളിലും 2000ത്തിലും മാനസിക ആരോഗ്യപ്രവർത്തകർ crackന്റെ മഹമാരി ഉണ്ടാവുമെന്ന് ഭയപ്പെട്ടുവെങ്കിലും ഭാഗ്യവശാൽ അങ്ങനെയൊന്നും സംഭവിക്കാതെ രണ്ടു ദശവർഷങ്ങൾ സമാധാനപരമായി കടന്നുപോയി.

ഇംഗ്ലണ്ട്, സ്കോട്ട്ലാന്റ്, ആസ്ത്രേലിയ, ഫ്രാൻസ്, ജർമനി, ഓസ്ട്രിയ, സ്പെയിൻ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളാണ് കൊക്കെയിൻ മഹാവിപത്തിന്റെ പിടിയിലായത്.

**മോർഫിൻ & ഹെറോയിൻ മഹാമാരി**

ഇന്ത്യയിലെ ഹെറോയിൻ മഹാമാരിയെ കുറിച്ച് അന്വേഷിക്കുന്നതിനു മുമ്പ് ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉണ്ടായ ഹെറോയിൻ മഹാമാരിയെ കുറിച്ച് അന്വേഷിക്കുന്നത് കൗതുകമായിരിക്കും

19-ാം നൂറ്റാണ്ടിൽ ചൈനയിൽനിന്നുമുള്ള കുടിയേറ്റക്കാർ അമേരിക്കയിൽ എത്തിയപ്പോൾ അവിടെ ഓപ്പിയം എത്തിച്ചേർന്നു. കുടിയേറ്റക്കാർ കഠിനാദ്ധ്വാനം ആവശ്യമുള്ള റെയിൽ, റോഡ് എന്നീ നീർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരായിരുന്നു. അങ്ങിനെ ഡെൻമാർക്ക്, സാൻഫ്രാൻസിസ്കോ തുടങ്ങിയ നഗരങ്ങളിലും മറ്റും ഓപ്പിയം ഉപയോഗം അതിവേഗം വളർന്നു. അമേരിക്കയിലുള്ളവരും ഓപ്പിയം അടിമകളായി. ചുമ, വയറിളക്കം, ഉറക്കമില്ലായ്മ എന്നിവയ്ക്കുള്ള മരുന്നായും വേദനസംഹാരിയായും ഓപ്പിയം ഉപയോഗിച്ചു തുടങ്ങി.

പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഓപ്പിയത്തിൽനിന്നും മോർഫിൻ നിർമ്മിക്കുവാൻ മനുഷ്യൻ പഠിച്ചത് ലഹരിമഹാമാരിയുടെ ചരിത്ര വഴിത്തിരിവായി ഫ്രെഡറിക് വിൽഹെം ആഡം സെർടൂർനെർ (1783–1741) ആണ് മോർഫിൻ കണ്ടുപിടിച്ചത്. 21 വയസ്സ് പ്രായ മുള്ള ഫാർമസി അസിസ്റ്റന്റായിരുന്ന ഇയാൾക്ക് വലിയ പ്രസിദ്ധിയും വിജ്ഞാനവും ഉണ്ടായിരുന്നില്ല. കൈവശം വളരെ കുറച്ചു ഉപകരണങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷേ അറിയുവാനുള്ള ആഗ്രഹം കൂടുതലുണ്ടായിരുന്നു. അങ്ങനെ പ്രകൃതിയിൽ കാണ പ്പെടുന്ന ഓപ്പിയത്തേക്കാൾ 5–6 മടങ്ങ് വീര്യമുള്ളതും അപകടകാരിയുമായ മോർഫിൻ അദ്ദേഹം ഓപ്പിയം തിളപ്പിച്ച് ഉണ്ടാക്കി വെള്ളം, ഓർഗാനിക് സോൾവെന്റ്, പി.എച്ച്. ക്രമീകരണം എന്നിവ ഉപയോഗിച്ച് പിഴിഞ്ഞെടുക്കൽ, ശുദ്ധീകരണം എന്നിവയുടെ ഒരു ശ്രേണിയിലൂടെയാണ് ഓപ്പിയത്തിൽനിന്നും മോർഫിൻ വേർതിരിച്ചെടുത്തത്.

മോർഫിൻ ചികിത്സക്കായി മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. പക്ഷേ പിന്നീടു ള്ള വർഷങ്ങളിൽ മോർഫിൻ രണ്ടു വശവും മൂർച്ചയുള്ള വാളായി മാറി. ചികിത്സക്കാ യുള്ള ഉപയോഗത്തോടൊപ്പം ഇത് വളരെയധികം ലഹരി ഉണ്ടാക്കുന്ന വസ്തുവാണെന്ന് കണ്ടെത്തി. ചുമ, ഉറക്കമില്ലായ്മ, വേദന എന്നിവയുടെ ചികിത്സക്കായി മോർഫിൻ ഉപ യോഗിച്ചു നിഷ്കളങ്കരായ പലർക്കും പിന്നീട് ഇതു ലഭിക്കാതെ മുന്നോട്ടു പോകാൻ സാധിക്കാതെ വന്നു. രോഗലക്ഷണങ്ങൾ ശമിച്ചതിനുശേഷവും ഇവർക്ക് ഇത് നിർബ ന്ധമായി. അവർ മോർഫിൻ ലഭിച്ചില്ലെങ്കിൽ വിടുതൽ ലക്ഷണങ്ങൾ കാണിക്കുവാനും തുടങ്ങി.

1860ലെ അമേരിക്കയിലെ സിവിൽ യുദ്ധത്തിൽ സൈനികരുടെ മാരമായ പരിക്കു കൾക്ക് ചികിത്സിക്കുന്നതിന് മോർഫിൻ ഉപയോഗിച്ചിരുന്നു. ആ സമയം ഡോക്ടർമാ രുടെ പക്കൽ വളരെ കുറച്ചു ഉപകരണങ്ങളും മരുന്നുകളും മാത്രമേ ഉണ്ടായിരുന്നുള്ളു. കാലിനു വെടിയേറ്റാൽ സാധാരണ ചികിത്സ കാൽ മുറിച്ചു കളയുകയായിരുന്നു. ഇങ്ങ നെയുള്ള മുറിച്ചുകളയലും രോഗശമനവും സഹിക്കുവാൻ കഴിയുന്നതാക്കാൻ മോർഫിൻ മാത്രമായിരുന്നു ആശ്രയം. പക്ഷേ ആയിരക്കണക്കിനു സൈനികർ ഇങ്ങനെ മോർഫിനു അടിമകളായി. മോർഫിന് അടിമപ്പെട്ടതിനെ 'soldier's disease' എന്നും വിളിക്കപ്പെടുക യുണ്ടായി.

1898–ൽ ബേയർ ഫാർമസ്യൂട്ടിക്കൽ കമ്പനി ഇതിന്റെ വാണിജ്യ പതിപ്പായ ഹെറോ യിൻ വിൽക്കുന്നതിനായി മാർക്കറ്റിംഗ് ക്യാമ്പയിൽ നടത്തി. അവർ ഇതിനു ഡൈഅസ റ്റൈൽ മോർഫിൻ അല്ലെങ്കിൽ മോർഫിൻ മണിക്കൂറുകളോളം ചൂടാക്കിയാൽ ലഭിക്കുന്ന ഉല്പന്നം എന്ന പേരു നൽകി. ആസക്തി ഉണ്ടാക്കാത്ത ഒന്നായതിനാൽ ഓപ്പിയം, മോർഫിൻ എന്നിവയ്ക്ക് അടിമകളായവരുടെ ചികിത്സയിൽ ഹെറോയിൻ ഉപയോഗിക്ക പ്പെട്ടു. ബ്രോങ്കൈറ്റിസ്, ടൂബർക്ലോസിസ്, ചുമ, ദീർഘ കാലമായി തുടരുന്ന വേദന അനു ഭവിക്കുന്നവർ എന്നിവയും ചികിത്സയിലും ഹെറോയിൻ ഉപയോഗിക്കപ്പെട്ടു. 1906ൽ അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ ഹെറോയിൻ മോർഫിനു പകരമായി ഉപ യോഗിക്കാമെന്നു ശുപാർശ ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു.

ഈ കടിഞ്ഞാണില്ലായ്മ താമസിയാതെ ന്യൂയോർക്ക് സിറ്റിയിൽ 200,000 ഹെറോ യിൻ അടിമകൾ ഉണ്ടാവുന്നതിനു കാരണമായി. 1914ൽ കൊക്കെയിൻ, ഹെറോയിൻ, കഞ്ചാവ് എന്നിവയുടെ ദുരുപയോഗം തടയുന്നതിനായി ഹാരിസൺ നാർകോട്ടിക് നിയമം പാസാക്കി. ഇത്തരം മയക്കുമരുന്നുകൾ സ്വന്തമാക്കുന്നതും, ഉപയോഗിക്കുന്നതും നിയമ വിരുദ്ധമാക്കുകയും ചെയ്തു. എല്ലാ മരുന്നു കുറിപ്പുകളും രജിസ്റ്റർ ചെയ്യുന്നതിനും നികുതി

അടയ്ക്കുന്നതിനും ഡോക്ടറോ, ഫാർമസിസ്റ്റോ ആവശ്യമായി. ഇത് ലഹരിമരുന്ന് ദുരുപയോഗത്തിനായുള്ള അറസ്റ്റിന് ആരംഭം കുറിച്ചു. ചില മേഖലകളിൽ തടവിലാക്കപ്പെട്ടവരിൽ കൂടുതൽ പേരും ലഹരി മരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ടവരായിരുന്നു.

നിയമങ്ങൾ കടുത്തപ്പോൾ ഹെറോയിൻ നിർമ്മാതാക്കൾ തങ്ങളുടെ പ്രവർത്തനം ഫ്രാൻസിലേക്ക് മാറ്റി. ശുദ്ധീകരിക്കപ്പെടാത്ത ഹെറോയിൻ ഫ്രാൻസിലെ മാർസില്ലെയിലേക്ക് ഇറക്കുമതി ചെയ്തു. ഇവിടെനിന്നും അന്തിമ ശുദ്ധീകരണ ശേഷം വടക്കു കിഴക്കൻ അമേരിക്കൻ സിറ്റികളിലേക്കും യൂറോപ്പിലേക്കും എത്തിച്ചു. അങ്ങിനെ ചില യൂറോപ്യൻ രാജ്യങ്ങളിൽ ഹെറോയിൻ പുതിയ വിപണി കണ്ടെത്തുകയും യൂറോപ്പിൽ ഹെറോയിൻ അടിമത്തം വർദ്ധിക്കുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ സങ്കീർണ്ണകരമായ രാഷ്ട്രീയ കാരണങ്ങളാൽ ഹെറോയിൻ ഉല്പാദനം തുർക്കിയിൽനിന്നും ഏഷ്യയുടെ തെക്കൻ മേഖലകളിലേക്ക് മാറി. സ്ഥിതി ശാന്തമായപ്പോൾ പിന്നീട് ബർമ (ഇപ്പോഴത്തെ മ്യാൻമർ) തായ്‌ലാന്റ് ലാവോസ് എന്നിവ ഉൾപ്പെടുന്ന ഗോൾഡൻ ട്രയാങ്കിളിനെ കേന്ദ്രീകരിച്ചു ലഹരികൾ വിതരണം ചെയ്യുവാൻ തുടങ്ങി.

## ഓപ്പിയം, ഹെറോയിൻ മഹാമാരികൾ

### ഇന്ത്യയിൽ

ഏഷ്യയിൽ ഹെറോയിൻ കടത്ത് വർദ്ധിച്ചപ്പോൾ ഹെറോയിൻ പുതിയ രൂപത്തിൽ ലഭ്യമാക്കുവാൻ തുടങ്ങി. രാസപ്രക്രിയയിലൂടെ ഇത് സംസ്കരിച്ചെടുക്കുക വഴി ലഹരി കുറയാതെ തന്നെ അളവ് വർദ്ധിപ്പിക്കാൻ സാധിച്ചു. ബ്രൗൺ ഷുഗർ അല്ലെങ്കിൽ സ്മാക്ക് എന്ന പേരിലറിയപ്പെടുന്നു. വില കുറവായതിനാൽ സമൂഹത്തിൽ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കൂടി ബ്രൗൺ ഷുഗർ ഉപയോഗിക്കാവുന്ന സ്ഥിതി വന്നു.

ആദ്യകാലങ്ങളിൽ ഗോൾഡൻ ട്രയാങ്കിളിൽ നിന്നും മറ്റു രാജ്യങ്ങളിലേക്ക് ഹെറോയിൻ കടത്തുന്നതിന്റെ ഇടനാഴി ആയിരുന്നു ഇന്ത്യ. താമസിയാതെ ഇന്ത്യ വിപണി ആയി മാറി. ഹെറോയിൻ എങ്ങിനെ ബ്രൗൺഷുഗർ ആക്കി മാറ്റാം എന്നുള്ളത് കൊണ്ടുനടന്നു കച്ചവടം നടത്തുന്നവരും ഇടപാടുകാരും മനസ്സിലാക്കിയപ്പോൾ ഇന്ത്യയുടെ പല ഭാഗങ്ങളിലും ബ്രൗൺഷുഗർ നിർമ്മിക്കപ്പെട്ടു. ഇത് സമൂഹത്തിന് കനത്ത ആഘാതമായി.

ഇന്ത്യയിൽവച്ച് 1982ൽ നടന്ന ഏഷ്യാഡ് ഗെയിംസ് വേളയിൽ ധാരാളം ടൂറിസ്റ്റുകൾ വന്നു. പലരും അതിനു മുമ്പെതന്നെ ഹെറോയിൻ ഉപയോഗിക്കുന്നവരായിരുന്നു. അങ്ങിെ ഇന്ത്യയിലേക്ക് വലിയ തോതിൽ സ്മാക്ക് എത്തപ്പെട്ടു. എഷ്യാഡ് 82 ഡൽഹിയുടെ സമ്പൂർണ്ണമായ രൂപമാറ്റത്തിനു കാരണമായി. പുതിയ മേൽപാലങ്ങൾ, വലിയ കെട്ടിടങ്ങൾ, സ്റ്റേഡിയങ്ങൾ, കളിക്കാർക്കുള്ള ഹോസ്റ്റലുകൾ, വിവിധ രാജ്യങ്ങളിൽനിന്നും എത്തുന്ന കളിക്കാർക്ക് താമസിക്കുവാൻ ഉള്ള ഏഷ്യാഡ് വില്ലേജുകൾ എന്നിവ നിർമ്മിക്കപ്പെടുകയുണ്ടായി. പല പുതിയ 5-സ്റ്റാർ, 4-സ്റ്റാർ ഹോട്ടലുകളും ആരംഭിച്ചു.

ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകൾ ജോലിക്കാരായോ, പ്രൊഫഷണലുകൾ ആയോ, പാചകക്കാർ ആയോ, ഡ്രൈവർമാർ ആയോ ഡൽഹിയിലേക്ക് വന്നു. ഇത് പണം ഒഴുക്കിനു കാരണമാവുകയും ബിസ്നസ്സുകൾ അഭിവൃദ്ധിപ്പെടുകയും ചെയ്തു. സിഗരറ്റോ, കഞ്ചാവോ, മദ്യമോ ഉപയോഗിച്ചിരുന്ന ധാരാളം ചെറുപ്പക്കാർ അപകടക

രവും ലഹരി ഉണ്ടാക്കുന്നതുമായ സ്മാക്കിനെ പരിചയപ്പെട്ടു തുടങ്ങി. കൊണ്ടുനടന്നു വിൽക്കുന്നവർ ഇതുവരെ അനുഭവിക്കാത്ത ഉത്തേജനം വാഗ്ദാനം ചെയ്തും ചെറുപ്പക്കാരെ പ്രലോഭിപ്പിച്ചും പുതുതായി വരുന്നവർക്ക് സൗജന്യമായും സ്മാക്ക് വലിക്കുവാൻ നൽകി. സ്മാക്ക് ലൈംഗിക ശക്തി വർദ്ധിപ്പിക്കുമെന്ന പ്രചാരണത്താൽ പല മധ്യവയസ്കരും ചെറുപ്പക്കാരികളും ഇത് ഉപയോഗിക്കുവാൻ കാമുകൻമാരെ പ്രലോഭിപ്പിച്ചു. ഓപ്പിയം പുരുഷൻമാരിൽ ശുക്ലസ്ഖലനം വൈകുന്നതിന് കാരണമാവുന്നു. ലൈംഗിക പ്രകടനം വർദ്ധിപ്പിക്കുവാനായി ഇത് ഉപയോഗിച്ചു. പുരുഷന്മാർക്ക് പിന്നീട് ഇത് ഉപയോഗിക്കാതെ വയ്യ എന്നായി. ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട് പ്രകാരം തെക്കൻ ഏഷ്യയിൽ ഒരു വർഷത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഏകദേശം 44.1 ടൺ ഹെറോയിൻ 18.7 ടണ്ണും ഇന്ത്യയിലായിരുന്നു ഉപയോഗിച്ചിരുന്നത്. അക്കാലത്ത് ധാരാളം ചെറുപ്പക്കാർക്ക് തങ്ങളുടെ ജോലി, സ്വത്തുക്കൾ, കുടുംബം എന്നിവ നഷ്ടമായി. പലർക്കും ജീവിതം പോലും നഷ്ടമായി. ആശുപത്രികളിലും സ്വകാര്യ ക്ലിനിക്കുകളിലും ധാരാളം സ്മാക്ക് അഡിക്ടുകൾ ചികിത്സ തേടിയെത്തയി.

ഇത് പൊതുജനാരോഗ്യ പ്രശ്നമായി കണ്ട സർക്കാർ കർശന നിയമങ്ങൾ, കനത്ത പിഴ, പുതിയ ആശുപത്രികൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെ പ്രശ്നം കൈകാര്യം ചെയ്യാൻ ആരംഭിച്ചു. ഇതു ലഹരിക്ക് അടിമപ്പെട്ടവരിൽ വലിയ മാറ്റങ്ങളുണ്ടാക്കി. അത് പിന്നീട് ഉണ്ടായേക്കാവുന്ന അത്തരം സംഭവങ്ങളെ നേരിടുന്നതിനു നമ്മെ പ്രാപ്തരാക്കുകയും ചെയ്തു.

**കെമിക്കലുകൾ മണപ്പിച്ച് ലഹരിക്കടിമപ്പെടുന്ന മഹാമാരി**

കുട്ടികളിലും കൗമാരക്കാരിലും ലഹരി ഉപയോഗത്തിന്റെ ഗതി മാറിക്കൊണ്ടിരിക്കുകയാണ്. ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നു. ഇത് ആശങ്ക ഉളവാക്കുന്നു. കൗമാരക്കാരിലെ പുകയിലയുടെയും മദ്യത്തിന്റെയും ഉപയോഗമാണ് കൂടുതലായി പഠനവിധേയമായത്. ഇവ രണ്ടിന്റെയും ഉപയോഗം കൗമാരക്കാർക്കിടയിൽ ഭയാനകമായ രീതിയിൽ വർദ്ധിച്ചിരിക്കുന്നു.

കുടുംബബന്ധങ്ങളിലെ ശൈഥില്യം, വീട്ടിൽ മദ്യം ഉപയോഗിക്കുന്ന സംസ്കാരം, സ്കൂൾ ജീവിതത്തിൽ ലഹരിയുമായുള്ള ബന്ധം, മാനസിക പിരിമുറുക്കം, ജോലി, വളർന്നുവരുന്ന പ്രായത്തിൽ ഉണ്ടാവുന്ന സാമൂഹികമായ ആകാംക്ഷകൾ, വിരസതയിൽനിന്നും രക്ഷപെടാനുള്ള മാർഗ്ഗം തുടങ്ങിയ പല കാരണങ്ങൾ ഇതിനു പിന്നിലുണ്ട്.

ഇത്തരം പുതുലഹരിശീലങ്ങളെ കുറിച്ച് ഗവഷകർ സാമൂഹികമായും, വൈകാരികമായും, ജീവശാസ്ത്രപരമായ തലങ്ങളിൽ പഠനം നടത്തേണ്ടിയിരിക്കുന്നു.

പല കുട്ടികളും കൗമാരക്കാരും പുതിയ പുതിയ ലഹരികൾ പരീക്ഷിക്കുന്നു. ഇത് ഏതെങ്കിലും രൂപത്തിലുള്ള കഞ്ചാവോ, ചുമയ്ക്കുള്ള സിറപ്പുകളോ, ഉറക്ക ഗുളികകളോ ആവാം. ഇന്ന് തിരിച്ചറിയപ്പെടാത്ത ഭീഷണി ഉയർത്തുന്ന ലഹരി ഉപയോഗമാണ് കെമിക്കലുകൾ മണപ്പിക്കുന്നതുമൂലം ഉണ്ടായിട്ടുള്ളത്. ഇവ ലഭിക്കുക എളുപ്പമാണ്. നിത്യജീവിതത്തിൽവീടുകളിൽ ഉപയോഗിക്കുന്ന പല ഉല്പന്നങ്ങളിലും ഇവ അടങ്ങിയിരിക്കുന്നു. ഉപയോഗത്തിന്റെ ആദ്യ ഘട്ടത്തിൽ ഇവ കണ്ടുപിടിക്കുക സാധ്യമല്ല. അതിനാൽ രഹസ്യമായി ഉപയോഗിക്കാൻ സാധിക്കുന്നു. ആദ്യഘട്ടങ്ങളിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്നതുമൂലം വലിയ പ്രത്യാഘാതങ്ങളാണ് ഉണ്ടാകുന്നത്. തെരുവു കുട്ടികൾ, വർക്ക്ഷോപ്പ് ജീവനക്കാർ, സ്കൂൾ കുട്ടികൾ, കൗമാരപ്രായക്കാർ, യുവാക്കൾ, കോൾ സെന്ററുകളിൽ

ജോലി ചെയ്യുന്നവർ, കോർപ്പറേറ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്നവർ എന്നിവരാണ് കൂടുതൽ ഈ ലഹരിക്ക് അടിമപ്പെട്ടിരിക്കുന്നത്.

നാം സമൂഹത്തിൽ കാണുന്ന കെമിക്കൽസ് ദുരുപയോഗം വലിയൊരു മഞ്ഞുമല യുടെ പുറത്തേക്ക് കാണാവുന്ന അഗ്രഭാഗം മാത്രമാണ്. റിപ്പോർട്ട് ചെയ്യപ്പെടാത്തതും കണ്ടുപിടിക്കപ്പെട്ടിട്ടില്ലാത്തതുമായ വളരെ വലിയ ദുരുപയോഗക്കാർ സമൂഹത്തിൽ ഉണ്ട്. രാഷ്ട്രത്തിനും ഭാവിക്ക് മുതൽകൂട്ടായ കുട്ടികൾക്കും കൗമാരക്കാർക്കുമാണ് ഇതുമൂലം നാശം സംഭവിക്കുന്നത്  ഈ ലഹരിയുപയോഗം വളരെ ഗൗരവതരമായ അപായമണി യാണ്.